# 'ദയാലുവായ കർത്താവ്'

## സങ്കീർത്തനം 33:22

"യഹോവേ ഞങ്ങൾ നിങ്കൽ പ്രത്യാശവെക്കുന്നതുപോലെ നിന്റെ ദയ ഞങ്ങളുടെ മേൽ ഉണ്ടാകുമാറാകട്ടെ."

ദൈവസന്നിധിയിൽ നിന്നു ചൊരിഞ്ഞു തരുന്ന നിരന്തരമായ ദയ ആകുന്നു ഒരു ദൈവപൈതലിന്റെ ഏറ്റം വലിയ അനുഗ്രഹം. അതുമാത്രമാണ് ഓരോ നിമിഷവും അവനെ ഈ ലോകത്ത് ഉറപ്പിച്ചു നിർത്തുന്നത്. കർത്താവിന്റെ ദയ നിരന്തരമായി ചൊരിഞ്ഞു തരുന്നതും, അത് രാവിലെ തോറും പുതിയതും ആകുന്നു. മാത്രമല്ല ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ അതു തന്റെ മക്കളോടു വലുതും ആകുന്നു എന്നു ദൈവവചനം നമുക്ക് ഉറപ്പ് തരുന്നു.

എന്നാൽ നാം വായിച്ചതായ കുറിവാക്യം ഒരു ചോദ്യം പ്രിയ ദൈവമക്കളോട് ആരായുന്നത് കാണാം. കർത്താവ് ദയാലുവാണ്. എന്നാൽ കർതൃസന്നിധിയിൽ നിന്നു ചൊരിഞ്ഞു തരുന്ന ദയയ്ക്കായി നാം എത്രമാത്രം പ്രത്യാശ വെക്കുന്നവരാകുന്നു?

ജയത്തിന് കുതിര വ്യർത്ഥമാകുന്നുവെന്നും ഒരു വീരന്റെയോ, രാജാവിന്റെയോ ബലം കൊണ്ടു നമുക്ക് ജയം പ്രാപിക്കാൻ കഴിയുന്നില്ലെന്നും ഇതേ സങ്കീർത്തനത്തിലൂടെ **(33:17)** വചനം പറയുന്നു. എന്നാൽ അവിടെയും ഉറപ്പു തരുന്ന ഒന്നുണ്ട്. 'യഹോവയുടെ ദൃഷ്ടി തന്റെ ദയയ്ക്കായി പ്രത്യാശിക്കുന്നവരുടെ മേൽ ഇരിക്കുന്നു' **(Psalms 33:18)**

ദൈവത്തിന്റെ സന്നിധാനത്തിൽ നിന്നു ചൊരിയുന്ന ഈ മഹത്തായ ദയയുടെ ഏറ്റം ശ്രേഷ്ഠമായ, പരമോന്നതമായ ഒരു ഒഴുക്കിനായി തന്നെ പ്രത്യാശ വെക്കാം. എത്രത്തോളം കാംക്ഷിക്കുന്നുവോ അതിലും ഉപരി നൽകി തരുവാൻ മതിയായ ദൈവത്തിനു നമുക്ക് സ്തോത്രം ചെയ്യാം.

പലപ്പോഴും അറിഞ്ഞും അറിയാതെയോ ഒരുവന്റെ പ്രത്യാശ, യേശുകർത്താവിന്റെ നിരന്തരമായ ദയയിൽ മാത്രമാകാൻ പരാജയപ്പെടുന്നു. എന്നാൽ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും, ഓരോ അനുഭവങ്ങളുടെ മേലും ജയം തരുവാൻ ദയാലുവായ കർത്താവ് മതിയായവനാണെന്ന സത്യം നാം മറന്നുപോകരുത്. ഇതുകൂടെ ഉണ്ടെങ്കിൽ മറ്റെല്ലാം നമുക്ക് നേരിടാം, ജയിക്കാം, കർത്താവിൽ നിലനിൽക്കാം. ജീവിതത്തിൽ

പൂർണ്ണസമാധാനവും സന്തോഷവും അനുഭവിച്ചുകൊണ്ട് കർത്താവിന്റെ കൂടെ വസിക്കാൻ അവന്റെ ദയയ്ക്കായി മാത്രം നമുക്ക് കാംക്ഷിക്കാം. അത് ഓരോ ഭക്തന്റെ മേലും, അവന്റെ തലമുറമേലും ചൊരിയുമാറാകട്ടെ എന്നു പ്രാർത്ഥിക്കാം. അതേ, അവങ്കൽ പ്രത്യാശ വെക്കുന്നതുപോലെ അവന്റെ ദയ ഉണ്ടാകുമാറാകട്ടെ. പ്രിയ ദൈവ മക്കളെ, ഇങ്ങനെ മാത്രം പ്രത്യാശിക്കാൻ, കാംക്ഷിക്കുവാൻ സാഹചര്യങ്ങളെല്ലാം നമുക്ക് എതിരാണെന്നു വരാം. എങ്കിലും അവന്റെ ദയയ്ക്കായി മാത്രം ജീവിതത്തിൽ പ്രത്യാശ വെക്കാൻ യേശുകർത്താവ് എല്ലാവരെയും ശക്തീകരിക്കുകയും സഹായിക്കുകയും ചെയ്യുമാറാകട്ടെ.

പരാമർശം:

സങ്കീർത്തനം 144:1, 2

എന്റെ പാറയാകുന്ന യഹോവ വാഴ്ത്തപ്പെട്ടവൻ; അവൻ യുദ്ധത്തിന്നു എന്റെ കൈകളെയും പോരിന്നു എന്റെ വിരലുകളെയും അഭ്യസിപ്പിക്കുന്നു. എന്റെ ദയയും എന്റെ കോട്ടയും എന്റെ ഗോപുരവും എന്റെ രക്ഷകനും എന്റെ പരിചയും ഞാൻ ശരണമാക്കിയവനും എന്റെ ജനത്തെ എനിക്കു കീഴാക്കിത്തരുന്നവനും അവൻ തന്നേ.

സിസ്റ്റർ ബിന്ദു റെജി അയ്മനം 109